DESPATCHED
On 02/02/022

12.01.22


സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


**ഹർജി നമ്പർ AP. 2397*(7)/2014*/എസ്.ഐ.സി.**

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം**

**(ഫയൽ നമ്പർ 14643/*എസ്.ഐ.സി–ജി 6/2014*)**

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. കെ.ആർ.സജീവൻ,
S/o രാമൻ കെ.സി.,
കല്ലിക്കടവിൽ വീട്,
പോങ്കോത്ര, പറപ്പൂക്കര പി.ഒ., } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
   സെക്രട്ടറി,
   പറപ്പൂക്കര ഗ്രാമപഞ്ചായത്ത്,
   പി.ഒ.നന്തിക്കര, തൃശ്ശൂർ.

2. അപ്പീൽ അധികാരി&
   പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
   തൃശ്ശൂർ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 17.03.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 11.04.2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 02.05.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 14.07.2014 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 18.09.2014 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 20.10.2014 |
| ഹിയറിംഗ് നടന്ന തീയതി | 07.01.2022, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

<u>ഉത്തരവ്</u>

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. കെ.ആർ.സജീവൻ, 18.09.2014ന് സമർപ്പിച്ച അപ്പീൽ ഹർജി 20.10.2014ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2397(7)/14/SIC** ആയി ഫയലിൽ സ്വീക രിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നും ടിയാന് വ്യക്തമായ മറുപടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 17.03.2014ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, പറപ്പൂക്കര ഗ്രാമപഞ്ചായത്ത് പഴയ 12–ാം വാർഡിൽ (ഇപ്പോൾ 13–ാം വാർഡ്) ചേറ്റാക്കുളം റോഡ് എവി ടെനിന്നും തുടങ്ങി എവിടെ അവസാനിക്കുന്നുവെന്നും ആയതിന്റെ നീളം, വീതി, അതിർത്തികൾ എന്നിവ കാണിക്കുന്ന സ്കെച്ച് നൽകണമെന്നും ഇതു സംബന്ധിച്ച റോഡ് രജിസ്റ്ററിന്റെ ബന്ധപ്പെട്ട പേജിന്റെ പകർപ്പ് നൽക ണമെന്നും ടി റോഡിന്റെ പകുതി ഭാഗം മാത്രം ടാറിങ്ങ് ചെയ്തിരിക്കുന്നത് എന്തുകൊണ്ടെന്നും തുടങ്ങി 4 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 11.04.2014ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഒന്നാം ഇന ത്തിന് ഹർജിക്കാരൻ പരാമർശിച്ച ചേറ്റാക്കുളം റോഡ് പഞ്ചായത്തിനു വിട്ടു കിട്ടിയിട്ടില്ലാത്തതും പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ലാത്ത തുമാണെന്നും 2,3, 5,6 എന്നിവയ്ക്ക് ബാധകമല്ലെന്നും ക്രമനമ്പർ 4ന് സ്വകാ ര്യ വ്യക്തികൾ നടത്തിയ ടാറിംഗ് സംബന്ധമായ രേഖകൾ പഞ്ചായത്ത് ഓഫീസിൽ ലഭ്യമാക്കേണ്ടതില്ലെന്നുമാണ്. ടി മറുപടിയിൽ അതൃപ്തി രേഖ പ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 14.07.2014ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലെന്നു കാണിച്ചാണ് അപ്പീൽ ഹർജി സമർപ്പിച്ചതെന്നും ഇരുകക്ഷികളെയും 12.06.2014ന് നേരിൽ കേൾക്കുന്നതിനായി നോട്ടീസ് മുൻകൂർ നൽകിയിരുന്നെങ്കിലും ചില അവിചാരിത കാരണങ്ങളാൽ

പ്രസ്തുത തീയതിയിൽ നടത്താൻ കഴിയാതിരുന്ന വിചാരണ 30.06.2014ന് നടത്തിയതിൽ ഹർജിക്കാരനും എസ്.പി.ഐ.ഒ.യും ഹാജരായിരുന്നു. 17.03.2014ൽ ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ. 11.04.2014ന് നൽകിയ മറുപടി വസ്തുതാ വിരുദ്ധവും തെറ്റായതുമാണെന്നും ശരിയായ മറുപടി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്നും ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പ്രസ്തുത റോഡ് സ്വകാര്യ വ്യക്തി ഭാഗികമായി ടാറിംഗ് നടത്തുകയും ഇതുമൂലം മഴക്കാലത്ത് വെള്ളക്കെട്ട് രൂപപ്പെടുന്നുണ്ടെന്നും ഹർജിക്കാരൻ ബോധിപ്പിച്ചു. കൂടാതെ ടിയാന്റെ അപേക്ഷയ്ക്ക് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മറുപടി നൽകിയിട്ടുണ്ടെന്നും പ്രസ്തുത റോഡ് ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കാത്ത റോഡാണെന്നും ടി റോഡിൽ സ്വകാര്യ വ്യക്തിയാണ് സ്വന്തം ചെലവിൽ ടാറിങ്ങ് നടത്തിയതെന്നും ഹർജിക്കാരൻ ബോധിപ്പിച്ചു. ഇരുകക്ഷികളെയും നേരിൽ കേട്ടതിൽ ഗ്രാമപഞ്ചായത്ത് 12-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഏകദേശം 200 മീറ്ററിനു താഴെ നീളമുള്ള റോഡ് സംബന്ധിച്ച വിവരങ്ങൾ അറിയുന്നതിനാണ് വിവരാവകാശ അപേക്ഷ സമർപ്പിച്ചതെന്നു മനസ്സിലാക്കുന്നുവെന്നും ടിയാൻ ആവശ്യപ്പെട്ട 6 ചോദ്യങ്ങൾക്കും എസ്.പി.ഐ.ഒ. മറുപടി നൽകിയിട്ടുണ്ടെന്നും ടി റോഡ് ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ എസ്.പി.ഐ.ഒ. നൽകിയ മറുപടി തൃപ്തികരമാണെന്നു അപ്പീൽ അധികാരി നിരീക്ഷിച്ചുവെന്നും ഹർജിക്കാരന്റെ അപേക്ഷയിൽ പരാമർശിക്കുന്ന റോഡ് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതാണെന്ന് സ്ഥാപിക്കുന്നതിന് ഹാജരാക്കിയ രേഖയുടെ പകർപ്പ് (ഫാറം നമ്പർ.10) ഒരു വസ്തുവിന്റെ അതിർത്തികൾ നിർണ്ണയിക്കുന്നതിന് വേണ്ടി സമർപ്പിക്കുന്ന അപേക്ഷയാണെന്നും അപേക്ഷ പരിശോധിച്ചതിൽ അപ്പീൽ സംബന്ധിച്ച തുടർ നടപടികൾ ആവശ്യമുള്ളതായി കാണുന്നില്ലെന്നും ഹർജിക്കാരൻ തന്റെ അപേക്ഷയിൽ പരാമർശിക്കുന്ന റോഡ് പുനരുദ്ധീകരിക്കുന്നതിന് നിയമപരമായ തടസ്സങ്ങൾ ഇല്ലെങ്കിൽ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് പൂർണ്ണമായും ഗതാഗതയോഗ്യമാക്കുവാൻ നടപടി സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിക്കൊണ്ട് ടി അപ്പീൽ തീർപ്പാക്കി ഉത്തരവാകുന്നുവെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരു കക്ഷികളെയും കേട്ടതിലും ഹർജിക്കാരന് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ. നൽകിയ മറുപടി തെറ്റാണെന്നും ശരിയായ മറുപടി ലഭിക്കുന്നതിനുള്ള ഡാറ്റകൾ അപ്പീൽ അധികാരി മുഖവിലയ്ക്കെടുത്തില്ലെന്നുമാണ് ടിയാൻ കമ്മീഷൻ മുമ്പാകെ ഉന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ, പ്രസ്തുത വിഷയം സംബന്ധിച്ച റിപ്പോർട്ട് 10 ദിവസത്തിനകം കമ്മീഷനിൽ സമർപ്പിക്കണമെന്നും പകർപ്പ് ഹർജിക്കാരന് നൽകണമെന്നും ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

5. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 ജനുവരി 12–ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM